# ഖുർആൻ ബോധനം

എ.വൈ.ആർ

642

സൂറ-16

# അന്നഹ്ൽ

തേനീച്ചയാണ് نَحْل. 68-ാം സൂക്തത്തിൽ തേനീച്ചയെ പരാമർശിക്കുന്നതുകൊണ്ടാണ് സൂറക്ക് 'നഹ്ൽ' എന്നു പേരുവന്നത്. النعم (അനുഗ്രഹങ്ങൾ) എന്നും ഈ സൂറക്ക് പേരുണ്ട്. ഔഷധങ്ങളുള്ള തേൻ ഉൾപ്പെടെ അല്ലാഹു തന്റെ ദാസന്മാർക്കായി സൃഷ്ടിച്ചു വച്ച അനുഗ്രഹങ്ങൾ പ്രതിപാദിക്കുന്നുവെന്നതാണ് ആ പേരിനടിസ്ഥാനം.

മക്കയിലാണ് ഈ സൂറ അവതരിച്ചതെന്ന് പൊതുവിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു. പ്രവാചകന്റെ മദീനാ ഹിജ്റക്കു മുമ്പും പ്രവാചക ശിഷ്യന്മാരുടെ അബ്സീനിയൻ ഹിജ്റക്ക് ശേഷവുമാണിതിന്റെ അവതരണകാലമെന്ന് ഉള്ളടക്കവും ശൈലിയും ചൂിക്കാണിച്ചുകൊണ്ട് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. സൂറ അവതരിക്കുന്ന കാലത്ത് വിശ്വാസികൾക്കെതിരെയുള്ള ഖുറൈശികളുടെ മർദനം രൂക്ഷമായിട്ടുണ്ടായിരുന്നു. അതു സഹിക്കാനാവാതെ ചിലർ മക്ക വിട്ട് അബ്സീനിയയിലേക്ക് പലായനം ചെയ്തു. 41-ാം സൂക്തത്തിൽ പരാമർശിക്കുന്ന ഹിജ്റ ഈ അബ്സീനിയൻ ഹിജ്റയാണ്. മദീനഹിജ്റ തന്നെയാണതുകൊണ്ട് ഉദ്ദേശ്യമെന്നും സൂറയുടെ 41 മുതൽ അവസാനം വരെയുള്ള സൂക്തങ്ങൾ മദീനയിലവതരിച്ചതാണെന്നതിന്റെ തെളിവാണതെന്നും അഭിപ്രായമുള്ള മുഫസ്സിറുകളുമുണ്ട്. ചിലരുടെ വീക്ഷണത്തിൽ 126-ാം സൂക്തം മുതൽ അവസാനം വരെയുള്ള ഭാഗമാണ് മദീനയിൽ അവതരിച്ച ഭാഗം. ഈ സൂറയിലെ 115,118 സൂക്തങ്ങൾക്ക് സൂറ അൽഅൻആമിലെ 119,146 സൂക്തങ്ങളുമായുള്ള ബന്ധം പ്രസ്തുത സൂക്തങ്ങൾ അടുത്തടുത്ത് അവതരിച്ചതാണെന്നതിന്റെ സൂചനയായി കണക്കാക്കപ്പെടുന്നുണ്ട്.

തൗഹീദ്, ആഖിറത്, രിസാലത്, ശിർക്കിന്റെ നിരർഥകത, സത്യാസത്യ സംഘട്ടനത്തിൽ സത്യത്തിന്റെ അന്തിമവിജയം തുടങ്ങിയ വിഷയങ്ങളാണല്ലോ യൂനുസ് മുതൽ ഇങ്ങോട്ടുള്ള സൂറകളിലെല്ലാം മുഖ്യമായി കൈകാര്യം ചെയ്തുവന്നിട്ടുള്ളത്. ഇതേപ്രമേയങ്ങൾ തന്നെ പുതിയൊരു രീതിയിൽ അവതരിപ്പിക്കുകയാണീ സൂറ. ഈയടിസ്ഥാനത്തിൽ വീക്ഷിക്കുമ്പോൾ ഇതിലെ 30-ാം സൂക്തത്തിലെ

لِّلَّذِينَ أَحْسَنُوا۟ فِى هَـٰذِهِ ٱلدُّنْيَا حَسَنَةٌ ۚ وَلَدَارُ ٱلْـَٔاخِرَةِ خَيْرٌ ۚ وَلَنِعْمَ دَارُ ٱلْمُتَّقِينَ

(സുകൃതരായവർക്ക് ഇഹലോകത്തുതന്നെ സൗഭാഗ്യമുണ്ട്. എന്നാൽ പരലോകത്തേതു തന്നെയാകുന്നു അവർക്ക് കൂടുതൽ ഗുണകരം. ഭക്തജനങ്ങൾക്ക് പരലോകഗേഹം എത്ര അനുഗൃഹീതം) എന്ന വാക്യത്തിന് കേന്ദ്രസ്ഥാനം ലഭിക്കുന്നതു കാണാം. സത്യവിരോധികളുടെ അക്രമ മർദനങ്ങൾ തരണം ചെയ്ത് അല്ലാഹുവിന്റെ മാർഗത്തിൽ ദേശത്യാഗം ചെയ്തവർക്ക് ഈ ലോകത്ത് അധികാരവും ഐശ്വര്യവും പരലോകത്ത് അതിനെക്കാൾ വലിയ സൗഭാഗ്യങ്ങളും നൽകുമെന്ന് 41,42 സൂക്തങ്ങളിലും പറയുന്നുണ്ട്.

തൊട്ടുമുമ്പുള്ള സൂറ ഹിജ്റുമായി ഈ സൂറക്കുള്ള ബന്ധം സ്പഷ്ടമാണ്. ഇസ്‌ലാമിക പ്രബോധനത്തെ പരിഹസിക്കുകയും പുഛിച്ചു തള്ളുകയും ചെയ്യുന്ന പ്രതിയോഗികളുടെ നിലപാടിൽ വ്യഥിതനായ പ്രവാചകനെ സമാശ്വസിപ്പിച്ചുകൊണ്ടല്ലോ മുൻ സൂറ സമാപിക്കുന്നത്. പരിഹാസങ്ങൾ കേട്ട് മനം മടുക്കുകയോ പിന്തിരിയുകയോ ചെയ്യരുത്. സ്വന്തം ദൗത്യവുമായി മുന്നോട്ടു പോവുക. താങ്കളെ നിന്ദിക്കുകയും പരിഹസിക്കുകയും ചെയ്യുന്നവരുടെ കാര്യം അല്ലാഹു നോക്കിക്കൊള്ളാം എന്ന് വാഗ്ദാനം ചെയ്യുകയുമുായി. അനന്തരം മുഖവുരയൊന്നുമില്ലാതെ നിഷേധികളെ നേരിട്ടഭിസംബോധന ചെയ്യുകയാണ് .....أَتَىٰٓ أَمْرُ ٱللَّهِ അല്ലാഹുവിന്റെ കൽപന വന്നു കഴിഞ്ഞു എന്ന വാക്യത്തിലൂടെ. ഹിജ്ർ 92-ാം സൂക്തം എല്ലാവരോടും നാം ചോദിക്കുക തന്നെ ചെയ്യും- لَنَسْـَٔلَنَّهُمْ أَجْمَعِينَ- എന്ന് നൽകിയ താക്കീത് പുലരുകയായി എന്നറിയിക്കുകയാണ്. സൂറ അൻആമുമായി ഈ സൂറക്കുള്ള ബന്ധം നടേ സൂചിപ്പിച്ചുവല്ലോ. സൂറ ഇബ്റാഹീമുമായും ഈ സൂറക്ക് ബന്ധമുണ്ട്. മരണാനന്തരം നേരിടേി വരുന്ന അവസ്ഥകളെക്കുറിച്ച് സൂറ ഇബ്റാഹീം സംസാരിക്കുന്നുണ്ട്. ഈ സൂറയിലെ 28-32 സൂക്തങ്ങളും- ആ വിഷയം ചർച്ച ചെയ്യുന്നു. ഇബ്റാഹീം 34-ാം സൂക്തത്തിലെ .....وَإِن تَعُدُّوا۟ نِعْمَتَ ٱللَّهِ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്കതു തിട്ടപ്പെടുത്താനാവില്ല എന്ന വാക്യം ഈ സൂക്തത്തിലെ 18-ാം സൂക്തത്തിൽ ആവർത്തിച്ചിരിക്കുന്നു.

ഖുറൈശികൾ ആവർത്തിച്ചാവശ്യപ്പെട്ടുകൊിരിക്കുന്ന ദൈവിക ശിക്ഷ അടുത്തു വരുന്നു എന്നുണർത്തിക്കൊണ്ട് സൂറ ആരംഭിക്കുന്നത്. തുടർന്ന് പ്രപഞ്ചത്തിൽ പരന്നുകിടക്കുന്ന, അല്ലാഹുവിന്റെ ഏകത്വത്തിന്റെയും അപാരമായ കഴി

വുകളുടെയും ദൃഷ്ടാന്തങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ, വായു, വെള്ളം, പർവതങ്ങൾ, സമതലങ്ങൾ, സാഗരങ്ങൾ, സസ്യലതാദികൾ, ജന്തുജാലങ്ങൾ, തേനീച്ച, പക്ഷി, വളർത്തുമൃഗങ്ങൾ തുടങ്ങിയ എണ്ണമറ്റ പ്രതിഭാസങ്ങളെക്കുറിച്ചാലോചിക്കാൻ ആഹ്വാനം ചെയ്യുന്നു.

പ്രവാചക ദൗത്യത്തിന്റെ പ്രാധാന്യവും ലക്ഷ്യവും ഈ സൂക്തം പ്രത്യേകം പ്രസ്താവിക്കുന്നു്. ജനങ്ങളിൽ ദൈവിക ദീൻ പ്രബോധനം ചെയ്യുകയാണത്. പ്രവാചകന്മാർ ഈ ദൗത്യം യഥാവിധി നിർവഹിച്ചിരിക്കുന്നുവെന്ന് അന്ത്യനാളിൽ വിചാരണ സഭയിൽ സാക്ഷ്യപ്പെടുത്തുന്നതാണ്. ഈ സാക്ഷ്യം രക്ഷാ ശിക്ഷകൾക്കുള്ള മാനദണ്ഡമായിത്തീരുന്നു. അല്ലാഹുവിനെ നിഷേധിക്കുകയും അവന്റെ വിധിവിലക്കുകൾ ധിക്കരിക്കുകയും ചെയ്യുന്നതിന്റെ അനിവാര്യഫലം നരകമാണ്. അവനിൽ വിശ്വസിക്കുകയും വിധിവിലക്കുകൾ പാലിക്കുകയും ചെയ്യുന്നതിന്റെ ഫലം സ്വർഗവും. ദൈവവിശ്വാസത്തിന്റെയും അനുസരണത്തിന്റെയും ആകത്തുകയാണ് അല്ലാഹുവിന് അടിമപ്പെടലും പൈശാചിക ശക്തികളെ വർജിക്കലും عبادة الله واجتناب الطّاغوت

ഇബാദത്തിന്റെ പ്രായോഗിക രൂപം ......إِنَّ ٱللَّـهَ يَأْمُرُ بِٱلْعَدْلِ എന്നു തുടങ്ങുന്ന 90-ാം സൂക്തത്തിൽ വ്യക്തമാക്കിയിരിക്കുന്നു. വിശ്വസ്തത, കരാർപാലനം, ആളുകളെ പറ്റിക്കാൻ പ്രതിജ്ഞകൾ കരുവാക്കാതിരിക്കുക തുടങ്ങിയ ഒട്ടേറെ സംഗതികൾ അതിനോടനുബന്ധിച്ചു പറയുന്നു്. അതിന്റെയെല്ലാം ഫലം എന്തായിരിക്കുമെന്ന് നടേ ഉദ്ധരിച്ച .....لِلَّذِينَ أَحْسَنُوا എന്നു തുടങ്ങുന്ന 30-ാം സൂക്തത്തിൽ വ്യക്തമാക്കിയിരിക്കുന്നു.

ഹൃദയത്തിൽ സത്യവിശ്വാസം രൂഢമായിരിക്കെ ആത്മരക്ഷാർഥം കുഫ്റിന്റെ വചനങ്ങൾ പറയാൻ ഈ സൂറ വിശ്വാസികൾക്ക് അനുവാദം നൽകിയിരിക്കുന്നു. ആഹരിക്കുന്നത് നിഷിദ്ധമാക്കിയ ജന്തുക്കളെക്കുറിച്ചും പറയുന്നു്. അതോടൊപ്പം പണ്ഡിതന്മാർ തങ്ങൾക്ക് തോന്നിയ വിധം ഹലാൽ ഹറാം ഫത്‌വകളിറക്കുന്നതു കർശനമായി വിലക്കിയിരിക്കുന്നു. ഈ ഖുർആൻ മനുഷ്യരചനയല്ല, പ്രത്യുത റൂഹുൽ ഖുദ്സ് പ്രവാചക ഹൃദയത്തിലേക്കിറക്കിയ ദൈവിക വചനമാണെന്ന് എടുത്തോതിയിരിക്കുന്നു.

കറയറ്റ തൗഹീദിൽ അടിച്ചുറച്ചുനിന്ന ഇബ്റാഹീമിനെ(അ) പ്രശംസിച്ചുകൊാണ് സൂറ സമാപിക്കുന്നത്. അദ്ദേഹത്തിന്റെ ആദർശം പിന്തുടരാനും യുക്തിപൂർണമായ സദുപദേശങ്ങളിലൂടെ ജനങ്ങളെ ദൈവിക ദീനിലേക്ക് പ്രബോധനം ചെയ്യാനും മുഹമ്മദ് നബി(സ) യോട് കൽപിക്കുന്നു. ദ്രോഹിച്ചവരെ ശിക്ഷിക്കുകയാണെങ്കിൽ അവരുടെ ദ്രോഹം അർഹിക്കുന്ന ശിക്ഷയേ നൽകാവൂ എന്നും ക്ഷമിക്കുകയും പൊറുക്കുകയും ചെയ്യുന്നതാണ് സുകൃതരായ ദൈവഭക്തന്മാർക്ക് ഏറ്റം ഉചിതമായ നടപടി എന്നും ഉണർത്തുന്നു.

بِسْمِ ٱللَّهِ ٱلرَّحْمَـٰنِ ٱلرَّحِيمِ

പരമദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

أَتَىٰٓ أَمْرُ ٱللَّهِ فَلَا تَسْتَعْجِلُوهُ ۚ سُبْحَـٰنَهُۥ وَتَعَـٰلَىٰ عَمَّا يُشْرِكُونَ ﴿١﴾

1 അല്ലാഹുവിന്റെ കൽപന വന്നുകഴിഞ്ഞു. ആകയാൽ അതിനുവേി നിങ്ങൾ ധൃതികൂട്ടേ. ജനങ്ങൾ ആരോപിക്കുന്ന പങ്കാളിത്തങ്ങൾക്കതീതനും പരിശുദ്ധനുമത്രെ അവൻ.

يُنَزِّلُ ٱلْمَلَـٰٓئِكَةَ بِٱلرُّوحِ مِنْ أَمْرِهِۦ عَلَىٰ مَن يَشَآءُ مِنْ عِبَادِهِۦٓ أَنْ أَنذِرُوٓا۟
أَنَّهُۥ لَآ إِلَـٰهَ إِلَّآ أَنَا۠ فَٱتَّقُونِ ﴿٢﴾

2 തന്റെ കൽപനയിൽനിന്നുള്ള ദിവ്യസന്ദേശം അവൻ മലക്കുകളിലൂടെ താനിഛിക്കുന്ന ദാസന്മാരിലേക്കിറക്കിക്കൊടുക്കുന്നു; ഞാനല്ലാതെ ദൈവമേതുമില്ലെന്നും ആകയാൽ എന്നോടു മാത്രം ഭയഭക്തിയുള്ളവരായിരിക്കേണമെന്നും അവർ ജനങ്ങൾക്കു മുന്നറിയിപ്പു നൽകാൻ.

ആകയാൽ നിങ്ങൾ അതിനുവേി ധൃതി കൂട്ടേ =فَلَا تَسْتَعْجِلُوهُ അല്ലാഹുവിന്റെ കൽപന =أَمْرُ ٱللَّهِ വന്നു(കഴിഞ്ഞു) =أَتَىٰٓ
ഉന്നതനും(അതീതനുമത്രെ) ആകുന്നു =وَتَعَـٰلَىٰ അവൻ അതീവപരിശുദ്ധൻ =سُبْحَـٰنَهُۥ
അവൻ ഇറക്കുന്നു =يُنَزِّلُ അവർ പങ്കുചേർക്കുന്നതിൽനിന്ന്(അവർ ആരോപിക്കുന്ന പങ്കാളിത്തങ്ങളിൽനിന്ന്) =عَمَّا يُشْرِكُونَ
ഈ ആത്മാവ്, ചൈതന്യവും കൊ് (ഈ ദിവ്യസന്ദേശം) =بِٱلرُّوحِ (മലക്കുകളിലൂടെ) മലക്കുകളെ =ٱلْمَلَـٰٓئِكَةَ
അവന്റെ ദാസന്മാരിൽനിന്ന് =مِنْ عِبَادِهِۦ അവൻ ഇഛിക്കുന്നവരുടെ മേൽ =عَلَىٰ مَن يَشَآءُ അവന്റെ കൽപനയിൽനിന്നുള്ള =مِنْ أَمْرِهِۦ
എന്തെന്നാൽ നിങ്ങൾ മുന്നറിയിപ്പു നൽകുവിൻ(അവർ ജനങ്ങൾക്ക് മുന്നറിയിപ്പു നൽകാൻ) =أَنْ أَنذِرُوٓا۟
അതായത് ഞാനല്ലാതെ ദൈവമില്ല എന്നും =أَنَّهُۥ لَآ إِلَـٰهَ إِلَّآ أَنَا۠
ആകയാൽ നിങ്ങൾ എന്നോടു(മാത്രം) ഭയഭക്തിയുള്ളവരായിരിക്കേണമെന്നും =فَٱتَّقُونِ

**1:** പ്രവാചകനും അദ്ദേഹത്തിന്റെ പ്രബോധനത്തിനുമെതിരെ പ്രതിയോഗികൾ പരിഹാസമുതിർക്കുന്നതിനെയും അതു പ്രവാചകനിലുളവാക്കുന്ന മനക്ലേശത്തെയും അനുസ്മരിച്ചുകൊാണല്ലോ കഴിഞ്ഞ സൂറ അവസാനിക്കുന്നത്. പരിഹാസങ്ങളുടെ

രീതി ഇതായിരുന്നു. ഇയാൾ ദൈവം നിയോഗിച്ച പ്രവാചകനാണത്രെ. ദൈവം അയാൾക്ക് സന്ദേശങ്ങളയച്ചുകൊിരുന്നുവത്രെ. അയാളിൽ വിശ്വസിച്ചില്ലെങ്കിൽ നാം വഴിപിഴച്ചുപോകും. അയാൾ ഉദിരണം ചെയ്യുന്ന ശാസനകൾ അനുസരിച്ചില്ലെങ്കിൽ ദൈവം നമ്മെയൊക്കെ മരണാനന്തരം ഉയിർത്തെഴുന്നേൽപിച്ചു കൊടൂരമായി ശിക്ഷിക്കും. മഹാവിപത്തുകളിറക്കി ഈ ലോകത്തുനിന്ന് നമ്മെ നശിപ്പിക്കും. നമ്മുടെ കുലം മുടിഞ്ഞുപോകും. ഇതൊക്കെ നമ്മൾ കേട്ടു തുടങ്ങിയിട്ട് കാലം കുറേയായില്ലേ? നമ്മളാവട്ടെ തുടക്കം മുതലേ അയാളെയും അയാളുടെ മതത്തെയും അസന്ദിഗ്ധമായി തള്ളിക്കളഞ്ഞതാണ്. എന്നിട്ടെന്തേ അയാൾ ഭീഷണിപ്പെടുത്തുന്ന ലോകാവസാനവും ഉയിർത്തെഴുന്നേൽപും ഉന്മൂലനാശവുമൊന്നും ഇനിയും പ്രത്യക്ഷപ്പെടാത്തത്? അതൊക്കെ വേഗമിങ്ങുവരട്ടെ. എത്രകുന്നെ് നമുക്കൊന്ന് കാണാമല്ലോ. അപ്പോൾ നമുക്കയാളിൽ മടികൂടാതെ വിശ്വസിക്കുകയും ചെയ്യാം. പക്ഷേ, ഇദ്ദേഹം അതൊന്നും ചെയ്യുന്നില്ല. നമ്മുടെ അവസ്ഥ നാൾക്കുനാൾ മെച്ചപ്പെടുന്നതും അയാളുടെ കഷ്ടാവസ്ഥ നാൾക്കുനാൾ വഷളായിവരുന്നതുമാണ് നമ്മൾ കാണുന്നത്. എന്നിട്ടും ദൈവശിക്ഷ വരും വരും എന്ന് നമ്മെ പേടിപ്പിക്കുകയാണദ്ദേഹം. നമ്മളിനിയും എത്രകാലം കാത്തിരിക്കണമാവോ അതൊന്നു വന്നുകാണാൻ.

ഈ പരിഹാസത്തിനുള്ള മറുപടിയാണ് അല്ലാഹുവിന്റെ കൽപന വന്നുകഴിഞ്ഞു എന്നു തുടങ്ങുന്ന വാക്യം. أَمْرُ ٱللَّهِ എന്നതുകൊു വിവക്ഷ; ലോകാവസാനം, ഉയിർത്തെഴുന്നേൽപ്, പരിധിവിട്ട ജനങ്ങളെ ഭൗതിക ലോകത്തുതന്നെ ശിക്ഷിക്കുക തുടങ്ങിയ വിധികളാണ്. അത് أَتَىٰ വന്നുകഴിഞ്ഞു എന്ന് ഭൂതകാലക്രിയയായി പറഞ്ഞതിന് രു മാനമു്. ഒന്ന്, അതു സംഭവിക്കുക എന്നത് സംഭവിച്ചുകഴിഞ്ഞതുപോലെ ഉറപ്പായ കാര്യമാണ്. വന്നു കഴിഞ്ഞു നിങ്ങൾ അതിന്നുവേി ധൃതിപ്പെടേ' എന്നു പറയുന്നത്, ഇതാ അത് നിങ്ങളുടെ തലയിൽ ഇപ്പോൾ പതിച്ചുകഴിഞ്ഞുവെന്നോ അടുത്ത നിമിഷം പതിക്കുമെന്നോ ഉള്ള അർഥത്തിലല്ല. അതു സംഭവിക്കുക അനിവാര്യമാകുന്നു എന്ന അർഥത്തിലാണ്. പ്രവാചകനെയും ദൈവിക സന്ദേശത്തെയും തള്ളിപ്പറഞ്ഞ് അധർമത്തിന്റെ അങ്ങേതലക്കലെത്തിയവർ നശിക്കണമെന്ന് അല്ലാഹു വിധിച്ചു കഴിഞ്ഞിരിക്കുന്നു. അതു നടപ്പിലാക്കാൻ നിശ്ചിതമായ സമയമു്. സമയമായാൽ നിശ്ചയിക്കപ്പെട്ട രീതിയിൽ നടപ്പിലാവുക തന്നെ ചെയ്യും. അതിനുവേി ആരും ധൃതിപ്പെടേതില്ല. നിങ്ങൾ ധൃതിപ്പെട്ടതുകൊ് നേരത്തെയാവുകയോ ധൃതിപ്പെടാതിരുന്നതുകൊ് വൈകിപ്പോവുകയോ ചെയ്യുന്നതല്ല അല്ലാഹുവിന്റെ വിധിയുടെ നടത്തിപ്പ്. അല്ലാഹു കാലാതീതനാകുന്നു എന്നതാണ് രാമത്തെ മാനം. അവന്റെ മുമ്പിൽ ഭൂത-ഭാവി-വർത്തമാന വ്യത്യാസങ്ങളില്ല. ഇന്നലെയും നാളെയും അവന്ന് ഒരു പോലെയാണ്. അതുകൊാണ് വരാനിരിക്കുന്ന ഉയിർത്തെഴുന്നേൽപും വിചാരണയും രക്ഷാശിക്ഷകളുമെല്ലാം അവൻ നടന്നുകഴിഞ്ഞതോ നടന്നുകൊിരിക്കുന്നതോ ആയ സംഭവങ്ങൾ പോലെ അവതരിപ്പിക്കുന്നത്. അല്ലാഹുവിന്റെ കൽപന -أَمْرُ ٱللَّهِ- കൊുദ്ദേശ്യം പ്രവാചകൻ(സ) മക്കയിൽനിന്നു മദീനയിലേക്ക് ഹിജ്റ ചെയ്യണമെന്ന് അല്ലാഹു തീരുമാനിച്ചു കഴിഞ്ഞു എന്നാണെന്നും ഒരു വ്യാഖ്യാനമു്. ഹിജ്റക്കുശേഷം ഖുറൈശികൾക്കും അവരുടെ വിശ്വാസങ്ങൾക്കുമായ പരാജയവും 'അംറുല്ലാഹി'യുടെ ഭാഗമാണെന്ന് അവർ പറയുന്നു. പക്ഷേ, فَلَا تَسْتَعْجِلُوهُ നിങ്ങൾ അതിനുവേി ധൃതികൂട്ടേ- എന്ന വാക്യം ആദ്യം പറഞ്ഞ വ്യാഖ്യാനത്തെയാണ് ബലപ്പെടുത്തുന്നത്. പ്രവാചകൻ മദീനയിലേക്ക് കുടിയേറാൻ അവിശ്വാസികൾ ധൃതികൂട്ടിയിരുന്നില്ല. താൻ മദീനയിലേക്കു പോകുമെന്ന് അദ്ദേഹം അവരോടു വാഗ്ദാനം ചെയ്തിട്ടുമില്ല. തിരുമേനി(സ) പ്രവചിച്ചത് അതിരുവിട്ട അക്രമികളുടെ വിനാശവും ഉയിർത്തെഴുന്നേൽപും രക്ഷാശിക്ഷകളുമായിരുന്നു. അതൊക്കെ വേഗം വന്നു കാണട്ടെ എന്നാണ് അവരാവശ്യപ്പെട്ടിരുന്നത്.

ഒരു സമുദായത്തിൽ പ്രവാചകൻ നിയുക്തനാകുന്നതോടെ ആ സമൂഹത്തിന്റെ വിധിനിർണയിക്കപ്പെടുന്നു. ഒന്നുകിൽ പ്രവാചകന്റെ സന്ദേശം സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്തുകൊ് അവർ വിജയ സൗഭാഗ്യങ്ങൾ പ്രാപിക്കുന്നു. അല്ലെങ്കിൽ പ്രവാചകനെയും അദ്ദേഹത്തിന്റെ ദീനിനെയും തള്ളിപ്പറഞ്ഞ് അധർമത്തിൽ മുന്നേറുന്നതിന്റെ അനിവാര്യഫലമായ മഹാനാശത്തിലകപ്പെടുന്നു. പ്രവാചകൻ ആഗതനായ അന്നോ പിറ്റേന്നോ സംഭവിക്കുന്നതല്ല ഇതൊന്നും. സൗഭാഗ്യമായാലും ദൗർഭാഗ്യമായാലും അത് യാഥാർഥ്യമായിത്തീരാൻ പല ഘട്ടങ്ങൾ കടന്നുപോകേതു്. പ്രവാചകൻ ആപത്തു പ്രവചിച്ചാൽ ഈ ഘട്ടങ്ങളൊന്നും കടക്കാതെ അതുടനെ സംഭവിച്ചു കാണണമെന്ന് ധൃതിപ്പെടുകയായിരുന്നു ധിക്കാരമൂർത്തികളായ സത്യനിഷേധികളുടെ രീതി. ഖുറൈശിപ്രമാണിമാരും അതിനപവാദമായിരുന്നില്ല. സന്മാർഗികൾക്ക് സൗഭാഗ്യം പ്രവചിച്ചാൽ അതുടനെ ലഭിക്കണമെന്ന് ആശിക്കുന്ന ചില വിശ്വാസികളുമുായിരുന്നുവെന്ന് ഖുർആനിൽനിന്ന്, ഹദീസുകളിൽനിന്ന് മനസിലാക്കാൻ കഴിയും. അവരോട് ക്ഷമയോടെ പരീക്ഷണങ്ങൾ നേരിട്ട് മുന്നേറാനുപദേശിക്കുകയായിരുന്നു ചെയ്തിരുന്നത്. ഉദാ: 2:214, 29:2 സൂക്തങ്ങൾ.

മുഹമ്മദ്(സ) താക്കീതു ചെയ്യുന്നതുപോലെ ദൈവികശിക്ഷയുാവുകയാണെങ്കിൽ തന്നെ തങ്ങൾ പൂജിക്കുന്ന ബഹുദൈവങ്ങൾ പരമേശ്വരനോടു ശിപാർശ ചെയ്ത് തങ്ങളെ അതിൽനിന്ന് രക്ഷിക്കുമെന്നായിരുന്നു വിഗ്രഹാരാധകരുടെ വിചാരം. അതു കേവലം വ്യാമോഹമാണെന്നുണർത്തുകയാണ് سُبْحَٰنَهُۥ وَتَعَٰلَىٰ عَمَّا يُشْرِكُونَ എന്ന വാക്യത്തിലൂടെ. അവനെ സ്വാധീനിക്കാനോ ശിപാർശ ചെയ്ത് അവന്റെ തീരുമാനം മാറ്റാനോ കഴിയുന്നവരാരുമില്ല. അത്തരം പങ്കാളിത്തങ്ങൾക്കെല്ലാം അതീതനാണവൻ.

ഇവിടെ ഒരേ കൂട്ടരെ വചനത്തിന്റെ ആദ്യഭാഗത്ത് فَلَا تَسْتَعْجِلُوهُ നിങ്ങൾ ധൃതിപ്പെടേ എന്ന് മധ്യമ പുരുഷവചനത്തിലും രാംഭാഗത്ത് عَمَّا يُشْرِكُونَ എന്ന് പ്രഥമ പുരുഷ വചനത്തിലും പരാമർശിച്ചിരിക്കുന്നു. ഇതിനെക്കുറിച്ച് പണ്ഡിതന്മാർ പറയുന്നു: ആദ്യത്തേത് താക്കീതാണ്. അത് നേരിട്ടു സംബോധന ചെയ്ത് അറിയിക്കുന്നതാണ് കൂടുതൽ ഉചിതം എന്നതിനാലാണ് മധ്യമപുരുഷ വചനം ഉപയോഗിച്ചത്. രാമത്തേത് നിഷേധവും നീരസവുമാണ്. അത്കൊാണ് അകൽച്ചയും അന്യത്വവും ധ്വനിപ്പിക്കുന്ന പ്രഥമപുരുഷ വചനത്തിലായത്.

**2:** അല്ലാഹു മലക്കുകൾ മുഖേന തനിക്ക് സന്ദേശമയക്കുന്നുവെന്ന് പ്രവാചകൻ പറയുന്നതിനെക്കുറിച്ച് അവർ പറയാറായിരുന്നു: മുഹമ്മദിന്റെ അടുത്തുവരുന്നു എന്നു പറയുന്ന മലക്കുകൾ നമ്മുടെയൊന്നും അടുത്തുവരാത്തതെന്തേ? ഇനി പ്രമുഖരായ വ്യക്തികളുടെ അടുത്തു മാത്രമേ മലക്കുകൾ

സന്ദേശവുമായി വരികയുള്ളൂ എന്നാണെങ്കിൽ ഈ മക്കയിലും ത്വാഇഫിലും യസ്രിബിലുമൊക്കെ മുഹമ്മദിനെക്കാൾ പ്രമുഖരായ എത്രയോ മഹാവ്യക്തിത്വങ്ങളു്. അവരുടെയടുത്തും മലക്കുകൾ വരുന്നില്ലല്ലോ. അതിനു മറുപടിപറയുകയാണിവിടെ. മലക്കുകൾ ആരുടെ അടുത്തു പോകണം, എന്തു സന്ദേശം നൽകണം എന്നൊക്കെ തീരുമാനിക്കുന്നത് അവരല്ല. അവർ വിചാരിക്കുന്നതല്ല മലക്കുകളുടെ സന്ദർശനം കൊനുഗ്രഹീതനാകാനുള്ള യോഗ്യതയുടെ മാനദണ്ഡം. അതൊക്കെ അല്ലാഹുവാണ് തീരുമാനിക്കുന്നത്. അല്ലാഹുവിങ്കൽ അവന്റേതായ മാനദണ്ഡങ്ങളു്. അതനുസരിച്ച് തന്റെ ദൗത്യത്തിന് യോഗ്യരെന്ന് കാണുന്നവരെ ദൂതരായി തെരഞ്ഞെടുക്കുകയും അവരിലേക്ക് മലക്കുകളിലൂടെ സന്ദേശമയക്കുകയും ചെയ്യുന്നു.

بِالرُّوحِ مِنْ أَمْرِهِ എന്ന വാക്യത്തെയാണ് അവന്റെ കൽപനയിൽ നിന്നുള്ള ഈ ദിവ്യസന്ദേശം എന്ന തർജമ ചെയ്തിട്ടുള്ളത്. ആത്മാവ്, ജീവൻ, ചൈതന്യം എന്നീ അർഥങ്ങളിൽ ഉപയോഗിക്കുന്ന പദമാണ് روح. മൂന്നർഥത്തിലുള്ള റൂഹും, അഗോചരവും എന്നാൽ ലക്ഷണങ്ങളാൽ സ്ഥിരപ്പെടുന്നതുമാണ്. ചലനവും സജീവതയും ചിന്താശേഷിയും വിവേചന ബോധവുമുള്ള روح ആണ് ഏറ്റവും ഉയർന്ന നിലവാരത്തിലുള്ളതും. ഇതാണ് മനുഷ്യനുള്ള روح -ആത്മാവ്. സജീവതയും ചലനവും മാത്രമുള്ളതാണ് രാമത്തേത്. തിര്യക്കുകൾക്കുള്ളത് ഈ റൂഹാണ്. മൂന്നാമത്തേത് അസാമാന്യമായ ജ്ഞാനത്തിന്റെയോ പ്രതിഭയുടെയോ സൗന്ദര്യത്തിന്റെയോ സന്നിവേശത്താലുള്ള പ്രസരിപ്പ്. ഇതിനെ ചൈതന്യം എന്നു പറയുന്നു. ഇത്തരം ചൈതന്യത്തെയും ചൈതന്യത്തിനാധാരമായ സംഗതിയെയും روح എന്നുപറയും. സജീവതയും ചലനാത്മകതയും മൂന്നുതരം റൂഹിന്നും പൊതുവായിട്ടുള്ള ലക്ഷണമാണ്. ഒന്നാമത്തെ അർഥത്തിലുള്ള റൂഹിനെക്കുറിച്ചു ഖുർആൻ പറഞ്ഞു: وَيَسْـَٔلُونَكَ عَنِ ٱلرُّوحِ قُلِ ٱلرُّوحُ مِنْ أَمْرِ رَبِّى അവർ ആത്മാവിനെക്കുറിച്ചു നിന്നോടു ചോദിക്കുന്നു. നീ പറയുക: ആത്മാവ് എന്റെ നാഥന്റെ കാര്യത്തിൽ പെട്ടതാകുന്നു (17:85). وَنَفَخْتُ فِيهِ مِن رُّوحِى ഞാൻ എന്നിൽനിന്നുള്ള ഒരാത്മാവിനെ അതിൽ ഊതുകയും ചെയ്താൽ (15:29). മൂന്നാമത്തെ അർഥത്തിൽ ഖുർആനിനെക്കുറിച്ചു പറയുന്നു: وَكَذَٰلِكَ أَوْحَيْنَآ إِلَيْكَ رُوحًا مِّنْ أَمْرِنَا അപ്രകാരം നമ്മുടെ കൽപനയിൽനിന്നുള്ള ഒരു ജ്ഞാനചൈതന്യം(ഖുർആൻ) നാം നിന്നിലേക്ക് ബോധനം ചെയ്തു (42:52). ഈ ബോധനത്തിന്റെ മാധ്യമമായ മലക്കുകളെയും ചിലപ്പോൾ ഖുർആൻ റൂഹ് എന്നു വ്യവഹരിക്കുന്നു: نَزَلَ بِهِ ٱلرُّوحُ ٱلْأَمِينُ ഈ സന്ദേശവുംകൊ് വിശ്വസ്തമായ റൂഹ്(മലക്ക് ജിബ്രീൽ) ഇറങ്ങി (26:193). മറ്റൊരിടത്ത് ജിബ്രീലിനെ പരിശുദ്ധ റൂഹ് എന്നും വിശേഷിപ്പിച്ചിരിക്കുന്നു قُلْ نَزَّلَهُۥ رُوحُ ٱلْقُدُسِ പ്രവാചകൻ പറയുക: അതിനെ ഇറക്കിയത് റൂഹുൽ ഖുദ്സ്- പരിശുദ്ധാത്മാവ് ആകുന്നു (16:102) ഖുർആൻ 42:52ൽ എന്നപോലെ ഈ സൂക്തത്തിലും روح ഉപയോഗിച്ചിട്ടുള്ളത് ദിവ്യജ്ഞാനം- വഹ്യ് അഥവാ ഖുർആൻ എന്ന അർഥത്തിലാണെന്ന് സന്ദർഭത്തിൽനിന്ന് സ്പഷ്ടമാകുന്നു. مِنْ أَمْرِهِ എന്ന വാക്യത്തിന് അവന്റെ കൽപനയാൽ എന്നും അവന്റെ കൽപനയിൽനിന്നുള്ള എന്നും അർഥമാവാം. അല്ലാഹു കൽപിക്കുന്നതനുസരിച്ചാണ് മലക്കുകൾ ഇറങ്ങുന്നത് എന്നാണ് ആദ്യത്തേതിന്റെ താൽപര്യം. രാമത്തേതിന്റെ താൽപര്യം അല്ലാഹുവിന്റെ കൽപനകളാകുന്ന സന്ദേശവുമായിട്ടാണ് മലക്കുകൾ ഇറങ്ങുന്നത് എന്നാകുന്നു.

മലക്കുകൾ അഗോചരവും അഭൗതികവുമായ സൃഷ്ടിയാണ്. അങ്ങനെ ഒരു സൃഷ്ടി ഉന്നെല്ലാതെ അതിന്റെ വിശദാംശങ്ങളൊന്നും നമുക്കറിയില്ല. അതുകൊ് മലക്കുകളെ روح എന്നു വിശേഷിപ്പിച്ചതെന്തുകൊാണെന്നു കൃത്യമായി മനസ്സിലാക്കാൻ കഴിയില്ല.

ജഡത്തിൽ ജീവൻ സന്നിവേശിക്കപ്പെടുന്നതോടെ അത് സചേതനവും ചലനാത്മകവുമാകുന്നു. ജഡത്തിനു ജീവൻ എന്നപോലെയാണ് മനസ്സിന്ന് ദിവ്യബോധനം. അതു ലഭിക്കുന്ന മനസ്സുകളിൽ സത്യജ്ഞാനത്തിന്റെ വെളിച്ചം പരക്കുകയും അന്ധവിശ്വാസത്തിന്റെ ഇരുട്ടു നീങ്ങിപ്പോവുകയും അജ്ഞതയുടെ ജാഡ്യം കർമോത്സാഹത്തിന്റെ ചൈതന്യമായി മാറുകയും ചെയ്യുന്നു. ഈയടിസ്ഥാനത്തിലാണ് വഹ്യിനെ- ദിവ്യബോധനത്തെ- റൂഹ് എന്ന് വിശേഷിപ്പിക്കുന്നത്.

.........أَنْ أَنذِرُوٓا۟ എന്ന വാക്യത്തിലൂടെ, പ്രവാചകന്മാർക്ക് ദിവ്യബോധനമയക്കുന്നതിന്റെ ലക്ഷ്യം വ്യക്തമാക്കുകയാണ്. വഹ്യിന്റെ ലക്ഷ്യം അതു ലഭിക്കുന്ന പ്രവാചകന്മാരുടെ മാത്രം ഉൽബുദ്ധതയും സന്മാർഗവുമല്ല. അവർ തങ്ങൾക്കു ലഭിച്ച ജ്ഞാനവും സന്മാർഗവും ചുറ്റുമുള്ള എല്ലാ മനുഷ്യരെയും പ്രബോധനം ചെയ്യുക കൂടിയാണ്. ആ പ്രബോധനത്തിന്റെ രത്നസാരം അല്ലാഹുവല്ലാതെ വേറെ ദൈവമില്ലെന്നും അതിനാൽ സൃഷ്ടികൾ അവനോടു മാത്രം ഭയഭക്തി പുലർത്തണമെന്നും അവന്നുമാത്രം അടിമത്തവും ആരാധനയുമർപ്പിക്കണമെന്നുമാണ്. ●